LIBRARY ARCHIVES Kerala Legislative Assembly

കുത്തുപറമ്പ് മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

9(2365) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ ഭരണാനുമതി ലഭിച്ചവയിൽ ആരംഭിക്കാത്തതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഭരണാനുമതിക്കായി സമർപ്പിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയാണെന്നും അറിയിക്കാമോ;

&

(സി) മുൻ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിലെ പ്രവൃത്തികളിൽ പണി പൂർത്തിയാകാത്തവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

നിരത്തുവിഭാഗത്തിനുകീഴിൽ കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കണ്ണൂർ - കുത്തുപറമ്പ് റോഡിൽ പ്രവൃത്തി (Providing BC overlay to SH 38 (PUKC) from Km. 84/235 to 91/230) പുരോഗമിക്കുകയാണ്. 60% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പാലം വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ചതിൽ പ്രവൃത്തി ആരംഭിക്കാത്തത് കല്ലിക്കണ്ടി പാലമാണ്. പ്രസ്തുത പാലത്തിന്റെ പ്രവൃത്തി ടെണ്ടർ ചെയ്യുകയും എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പുത്തൂർ പാലം പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പാലത്തിന്റെ 98% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. റോഡ് മാർക്കിംഗ് പ്രവൃത്തിയും സ്റ്റഡ് പതിപ്പിക്കലും മാത്രമാണ് ബാക്കിയുള്ളത്. ദേശീയപാതാ വിഭാഗത്തിനുകീഴിൽ സി.ആർ.എഫ്. 2016-17 സാമ്പത്തിക വർഷത്തിലുൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കൊട്ടിയോടി - ചെറുവാഞ്ചേരി - കണ്ണവം റോഡ് അഭിവൃദ്ധിപ്പെടുത്തലെന്ന പ്രവൃത്തി (അടങ്കൽ തുക 15 കോടി രൂപ) അന്തിമ ഘട്ടത്തിലാണ്. കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ചതിൽ പൂർത്തിയാക്കാനുള്ളത് തലശ്ശേരി - കളറോഡ് (28.80 കി.മീ. നീളം) പുനരുദ്ധാരണ പ്രവൃത്തിയാണ്. പ്രസ്തുത പ്രവൃത്തിയുടെ കരാർ തുക 156.33 കോടി രൂപയാണ്. നിലവിൽ 90 ശതമാനത്തോളം പൂർത്തീകരിച്ച പ്രസ്തുത പ്രവൃത്തിയിൽ ഇനി എരഞ്ഞോളി പാലത്തിന്റെ പ്രവൃത്തിയാണ് ബാക്കിയുള്ളത്. കെട്ടിടം, നിരത്ത്, കിഫ്ബി വിഭാഗങ്ങൾക്ക് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.